# സിൻഹുകമ്മീഷൻറിപ്പോർട്ടിലെ ശിപാർശകൾ കേന്ദ്രസർക്കാർ നടപ്പാക്കുക

ഇന്ത്യയുടെ ഭരണഘടനയിൽ ഏതാനുംവർഷങ്ങളിലേക്കായി ചില വിഭാഗങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവരണം, അവരുടെ സത്വരമായ സമുദ്ധാരണത്തിനുവേണ്ടിയായിരുന്നു. അല്ലാതെ സാമൂഹികമായി ഉയർച്ച പ്രാപിച്ചുകഴിഞ്ഞിട്ടുള്ള ഏതെങ്കിലും ജനവിഭാഗത്തിന് അന്യായലാഭം കയ്യടക്കിവയ്ക്കാൻ അവസരം നല്കുവാനായിരുന്നില്ല. ഭരണഘടനയുടെ വിധാതാവായ ഡോ. അംബേദ്കർ തന്നെ പാർലമെന്റിൽവെച്ച് 16-ാം വകുപ്പ് നാലാം ഉപവകുപ്പ് പാസ്സാക്കുമ്പോൾ അതിലുപയോഗിച്ചിട്ടുള്ള ബാക്ക്‌വേഡ് ക്ലാസ് (പിന്നാക്കജനവിഭാഗം) എന്നതിന്റെ നിർവചനം "സ്വന്തം കാലിൽ നില്ക്കുവാൻ കഴിവില്ലാത്ത ജനങ്ങൾ" എന്നാണെന്ന് പ്രസ്താവിച്ചിട്ടുണ്ട്. സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നില്ക്കുന്ന ജനവിഭാഗങ്ങളെയാണ്, പ്രസ്തുത വകുപ്പിൽ പരാമർശിച്ചിട്ടുള്ളത്. ഈ വകുപ്പിന്റെ പരിധിക്കുള്ളിൽ 'പട്ടികജാതിക്കാർ' എന്ന വിഭാഗം നിസ്സന്ദേഹം ഉൾപ്പെടുമെങ്കിലും ഈ വിഭാഗത്തിന്റെ പട്ടിക അനർഹരായ മറ്റു ചില സമുദായങ്ങളുടെ ഇടയിലേക്കുകൂടി വലിച്ചുനീട്ടുന്നത്, രാജ്യത്തുള്ള ജനവിഭാഗങ്ങളെ ജാതിയുടെ പേരിൽ വിവേചനം നടത്തി വേർതിരിക്കുവാനാണ്. ഏതെങ്കിലും ഒരു പ്രത്യേക സമുദായത്തിന് സവിശേഷമായ പരിഗണന കൊടുക്കുന്നതിന് നീതിക്കും യുക്തിക്കും ചേരുന്ന കാര്യങ്ങൾ നിലവിലില്ലാതിരിക്കുമ്പോൾ ഒരു സമുദായത്തോട് ആനുകൂല്യം പ്രകടിപ്പിക്കുന്നതും മറ്റൊരു സമുദായത്തിന്റെ മുമ്പിൽ പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നതും വിവേചനപരമാണ്. "നിയമത്തിന്റെ തുല്യമായ സംരക്ഷണം എന്നാൽ, തുല്യമായ സാഹചര്യങ്ങൾ യാതൊരുവന്റെ മാർഗ്ഗത്തിലും അതേ മാർഗ്ഗത്തിൽ ചരിക്കുന്ന മറ്റൊരാളുടെ മുമ്പിൽ ഏർപ്പെടുത്താത്ത പ്രതിബന്ധങ്ങൾ സൃഷ്ടിച്ചുകൂടെന്നും ഒരേ സ്ഥിതിയിലും അവസ്ഥയിലും കഴിഞ്ഞുകൂടുന്ന ഒരു വിഭാഗത്തിൽപെടുന്ന ഒരാളിന്റെ മേൽ, മറ്റൊരാളിന്റെ മേൽ ഏല്പിക്കുന്നതിൽ കൂടുതൽ ഭാരം ഏല്പിച്ചുകൂടെന്നും" അർത്ഥമാകുന്നു. ഈ കാരണങ്ങളാലാണ്, സാമൂഹികനീതി എല്ലാവർക്കും ഉറപ്പുവരുത്തുന്നതിനു വേണ്ടി സംവരണവ്യവസ്ഥകൾക്ക് അടിസ്ഥാനപരമായ മാറ്റം ആവശ്യമാണെന്ന നിലപാട് അറുപതോളം വർഷങ്ങൾക്കു മുമ്പ് ശ്രീ മന്നത്തുപത്മനാഭന്റെ നേതൃത്വത്തിൽ നായർ സർവീസ് സൊസൈറ്റി സ്വീകരിച്ചത്.

തുടർന്ന് നായർ സർവീസ് സൊസൈറ്റി പല നിവേദനങ്ങൾ സമർപ്പിക്കുകയും നിരവധി പ്രതിഷേധപ്രകടനങ്ങളും പ്രക്ഷോഭണങ്ങളും സമ്മേളനങ്ങളും തുടർച്ചയായി നടത്തുകയും ചെയ്തെങ്കിലും ഗവണ്മെന്റുകളുടെയും രാഷ്ട്രീയപാർട്ടികളുടെയും ബോധപൂർവമായ നിസ്സഹകരണംമൂലം അതിന് ഫലം കണ്ടില്ല.

1990-ൽ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് കേന്ദ്രസർക്കാർ നടപ്പാക്കിയതോടുകൂടി ജാതിസംവരണം പുതിയ മേഖലകളിലേക്കു കൂടി വ്യാപിപ്പിക്കുകയാണുണ്ടായത്. ഇതിനെ തുടർന്ന്, നായർ സർവീസ് സൊസൈറ്റി, സംവരണകാര്യത്തിൽ സാമൂഹികവും വിദ്യാഭ്യാസപരവുമായ പിന്നാക്കാവസ്ഥ മാത്രം പരിഗണിച്ചാൽപോരെന്നും, സാമ്പത്തികമായ പിന്നാക്കാവസ്ഥകൂടി പരിഗണിക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്യുകയുണ്ടായി. കോടതി, സാമ്പത്തികമായ പിന്നാക്കാവസ്ഥ കൂടി പരിഗണിക്കേണ്ടതാണെന്ന നിഗമനത്തിൽ എത്തുകയും, അതിന് വാർഷികവരുമാനപരിധിയുടെ അടിസ്ഥാനത്തിൽ ക്രീമിലെയറിനെ ഒഴിവാക്കണമെന്നും അതിലേക്കുള്ള വരുമാനപരിധി നിശ്ചയിക്കുവാൻ കേന്ദ്ര-സംസ്ഥാനഗവണ്മെന്റുകളെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. ഇക്കാര്യത്തിൽ കോടതിയുടെ തീരുമാനം സ്വാഗതാർഹം തന്നെയായിരുന്നു. എന്നാൽ, വാർഷികവരുമാനപരിധി ഒന്നര ലക്ഷത്തിൽ തുടങ്ങിയത്, രണ്ടര ലക്ഷവും, നാലര ലക്ഷവും, ആറുലക്ഷവും കടന്ന് ഇപ്പോൾ എട്ടു ലക്ഷത്തിൽ എത്തിനില്ക്കുന്ന അവസ്ഥയാണ് ഉള്ളത്. ഇത് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയുടെ അന്തസ്സത്തയെ മറികടക്കുവാൻ വേണ്ടി ഗവണ്മെന്റുഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള ഏകപക്ഷീയമായ നടപടിയാണ്. കൂടാതെ, ഇതേ വ്യവസ്ഥയിൽതന്നെ സംവരണം പൊതുമേഖലാസ്ഥാപനങ്ങളിലേക്കു കൂടി വ്യാപിപ്പിക്കാനും കേന്ദ്രസർക്കാർ തീരുമാനിച്ചുകഴിഞ്ഞു. അതിനും പുറമേ, ഇന്നുള്ള സംവരണവ്യവസ്ഥ പുനപരിശോധനയ്ക്ക് വിധേയമാക്കുന്ന പ്രശ്നമേയില്ലെന്നുള്ള പ്രഖ്യാപനവും ഉണ്ടായിരിക്കുകയാണ്. കേന്ദ്രസർക്കാരിന്റെ ഈ നിലപാടുകൾ സംവരണസമുദായങ്ങളിലെ സമ്പന്നർക്ക് ഗുണകരവും, അവരിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് ഇതൊരു കെണിയും ആവുമെന്ന കാര്യത്തിൽ സംശയമില്ല. അതേസമയംതന്നെ, ഇത് സംവരണേതരസമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്കെതിരെയുള്ള ഒരു വെല്ലുവിളിയും കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നുള്ള തികഞ്ഞ അനീതിയുമാണ്.

ആയതിനാൽ, ഗവണ്മെന്റുമുമ്പാകെ സമർപ്പിച്ചിട്ടുള്ള എസ്.ആർ. സിൻഹു കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കിക്കൊണ്ടെങ്കിലും മുന്നാക്കവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് സംവരണവും മറ്റാനുകൂല്യങ്ങളും നല്കി, സാമൂഹികനീതി ഉറപ്പുവരുത്തുകയാണ് കേന്ദ്രസർക്കാർ ചെയ്യേണ്ടത്.